http://theendtimenews.com/




തുടർച്ച 10 പേജിൽ

## സദ്വർത്തമാനം

# ലോകത്തെ അറിയിക്കുക



പാസ്റ്റർ.രാജു പൂവക്കാല

CHRISTIAN NEWS | MAY 2021

# ദി എൻഡ് ടൈം ന്യൂസ്

ദി വേക്ക് അപ്പ് -കോൾ

Volume 04 Issue No:41 Pages:14 Reg: TVM/1717/2014, Established:USA, Published from:India

## ക്രൈസ്തവർ വിശുദ്ധ നാടിന്റെ അവിഭാജ്യ ഘടകമെന്ന് പാലസ്തീൻ വിദേശ കാര്യ മന്ത്രി അൽ മാലിക്കി



**റോം:** ക്രൈസ്തവർ വിശുദ്ധ നാടിന്റെ അവിഭാജ്യ ഘടകമെന്ന് പാലസ്തീൻ വിദേശ കാര്യ മന്ത്രി റിയാദ് അൽ മാലിക്കി. പാലസ്തീൻ അധികൃതർ ക്രൈസ്തവരെ അങ്ങനെയാണ് കാണുന്നതെന്നും,ക്രൈസ്തവരുടെ ശതമാനം എത്രയാണ് എന്നുള്ളത് പ്രസക്തമായ കാര്യമല്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ക്രൈസ്തവരെ സംരക്ഷിക്കുന്നതിന് വേണ്ടി സർക്കാർ സ്വീകരിച്ച നടപടികൾ എന്താണെന്ന് ഏജൻസിയ ഫിഡെസ് മാധ്യമത്തോട് സംസാരിക്കവേ അദ്ദേഹം പറഞ്ഞതാണ്. ക്രൈസ്തവ വിശ്വാസികൾ ഇസ്ലാംമത വിശ്വാസികളേക്കാൾ മുമ്പേ പാലസ്തീനിൽ എത്തിയവരാണെന്നും വിശുദ്ധ നാടിനെപ്പറ്റി പറയുമ്പോൾ ക്രൈസ്തവർ ഇല്ലാത്ത വിശുദ്ധ നാടിനെക്കുറിച്ച് പറയാൻ സാധിക്കില്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

132 അംഗ പലസ്തീൻ പാർലമെന്റിൽ ക്രൈസ്തവരുടെ സംവരണം 5 സീറ്റിൽ നിന്ന് 7 സീറ്റായി ഉയർത്തിയ കാര്യവും അദ്ദേഹം പറഞ്ഞു. പലസ്തീനിൽ നിന്ന് മറ്റു പ്രദേശങ്ങളിലേയ്ക്ക് കുടിയേറിയവരെ തിരികെ കൊണ്ടുവരുന്നതിന് വേണ്ടിയാണ് ക്രൈസ്തവരുടെ ജനസംഖ്യ 7 ശതമാനത്തിൽ താഴെ ആണെങ്കിലും അവർക്ക് 7 ശതമാനം സംരക്ഷണം നൽകുന്നത്. ക്രൈസ്തവർക്ക് നേരെ അസഹിഷ്ണതാപരമായ പെരുമാറ്റം പാലസ്തീൻ സമൂഹത്തിൽ നിന്ന് ഏതാനും നാളുകളായി ഉണ്ടാകുന്നുണ്ട്. കഴിഞ്ഞ ക്രിസ്മസ്സിന് ഗാസാ മുനമ്പിൽ ക്രൈസ്തവ വിശ്വാസികളുടെ ആഘോഷങ്ങളിൽ ഇസ്ലാംമത വിശ്വാസികൾ

06 –ാം പേജ് തുടർച്ച

## ചൈനയിൽ ബൈബിൾ ആപ് നിരോധിച്ചു




**ബെയ്ജിംഗ്:** ക്രിസ്തുമതത്തിനും, ക്രൈസ്തവർക്കും ചൈന കൂടുതൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. ഇതിന്റെ ഭാഗമായി ബൈബിൾ ആപ്പും ക്രിസ്ത്യൻ വി-ചാറ്റ് ക്രൈസ്തവ അക്കൗണ്ടുകളും നിരോധിച്ചതായി ഫാ. ഫ്രാൻസിസ് ലിയു ട്വിറ്റ് ചെയ്തു. ഗോസ്പൽ ലീഗ്, ലൈഫ് ക്വാർട്ടർലി തുടങ്ങിയ അക്കൗണ്ടുകൾ ഓൺലൈനിൽ ലഭ്യമല്ല. ആപ്സ്റ്റോറിൽ നിന്നാണ് ബൈബിൾ ആപ് നീക്കം ചെയ്തിരിക്കുന്നത്. ചൈനയിൽ ബൈബിളിന്റെ പ്രിന്റ് പതിപ്പ് ലഭ്യമല്ല.



# ഇസ്രായേലും ഹാമാസും

# യഥാർത്ഥ സത്യങ്ങൾ

തുടർച്ച 04പേജിൽ

# EDITORIAL BOARD

**CHIEF EDITOR**
Baiju Yacob Edavila

**SUB EDITOR**
Manuel Joseph
Jiji Babu

**EDITORS**
Pastor A Anilkumar
Rev. Joseph chacko
Sis.Sherly

**MANAGER**
Bovas Sreekaryam

**CO-ORDINATORS**
John Francis (Dallas)
Syam
Sis.Saritha
Sis.Simi
Sis.Lesley Yacob

**REPORTERS**
Miniesh Kumar(Baharin)
Pastor Stephen (Andrapradesh)

**ADVISORY BOARD**
Pastor Shibu Thomas USA
Pastor Asokan Eranakulam
M.Jacob Thiruvananthapuram


INDIA
VRA-402,Vikasnagar
Sreekariyam p.o.
Thiruvanthapuram.695017
Kerala
9526650511

## കോവിഡ് വാക്സിൻ

# നിത്യതയ്ക്ക് തടസ്സമോ?

കോവിഡ് വാക്സിൻ സ്വീകരിക്കുക എന്നത് ബൈബിൾ വിരുദ്ധമായ ഒരു കാര്യം അല്ല. പുതിയനിയമം രോഗം ചിക്ത്സിക്കുന്നതിനെ എതിർക്കുന്നില്ല,. ഇത്തരം ചികിത്സാ രീതികൾ മനുഷ്യന്റെ ആയുസ്സിനെ ഒരു നീണ്ട കാലയളവുവരെ നില നിർത്തുക എന്ന് അർത്ഥമി ല്ലല്ലോ, സ്വോഭാവിക മരണം വരെയുള്ള ഒരു സംര ക്ഷണം മാത്രമാണ് വാ ക്സിനേഷൻ കൊണ്ട് ഉദ്ദേ ശിക്കുന്നത്. കോവിഡ് 19 പോലുള്ള വൈറസുകൾ ലോകത്തെ തന്നെ നിശ്ചല മാകുകയും ലക്ഷക്കണെ




ക്കിന് ജനത ഈ മഹാമാരി യിൽ ഭൂമുഖത്ത് നിന്ന് തുടച്ചു നീക്കപ്പെട്ടതിന് നാം ദൃക്സാ ക്ഷിയാണ്. ഈ വ്യാപനത്തിന്റെ വ്യാപ്തിയും തീവ്രതയും ഗ്രഹിക്കാത്ത ക്രിസ്തീയ സഹോദരങ്ങൾ ബൈബിൾ വാക്യങ്ങളെ വക്രീകരിച്ച് വ്യാഖ്യാനിച്ച് ഈ വാക്സിൻ 666 ആണെന്നും, ഈ വാക്സിൻ ക്രമേണ ചിപ്പായി രൂപാ ന്തരമാകും എന്ന് പ്രചരിപ്പിച്ചു കാണുന്നു. ഇത് തികച്ചും തെറ്റായ പ്രചരണം തന്നെ യാണ് ഇത് മുഖാന്തിരം ഒരു വ്യക്തിക്കു പോലും നിത്യത നഷ്ടമാവില്ല എന്ന് ഞാൻ ഉറച്ച് വിശ്വസിക്കുന്നു. എന്തെന്നാൽ തിരുവ ചനം ഇവ എപ്പോൾ സംഭവിക്കുമെന്നും എവിടെയാണ് ചിപ്പ് പിടിപ്പിക്കപ്പെടുക എന്നതും ബൈബിൾ വ്യക്തമായി വെളിപ്പെ ടുത്തി തന്നിരിക്കെ വരവിങ്കൽ എടുക്കപ്പെടു വാൻ കാത്തിരിക്കുന്ന ജനത വിളറിപൂണ്ട് വാക്സിനേഷൻ ചെയ്യേണം എന്ന് തീരുമാ നിച്ചിരുന്നവർ പോലും ഇതിൽ നിന്ന് പിന്തി രിഞ്ഞു മാറുന്ന ദയനീയ തീരുമാനങ്ങൾ നമുക്ക് കാണുവാൻ കഴിയുന്നു.

ക്രൈസ്തവ ജനത വിവേകത്തോടെ ചിന്തി ക്കുകയും മനുഷ്യരാശിയ്ക്ക് ആകമാനം ഇപ്പോൾ സംഭവിച്ചിരിക്കുന്ന ഈ വിപ ത്തിൽ നിന്ന് വിമുക്തരാകേണ്ടത് നിങ്ങൾക്ക് മാത്രമല്ല മറ്റുള്ളവർക്കും കൂടി വേണ്ടി യാണ്. ആയതിനാൽ ലോകത്തിന്റെ ഏഴ് വൻകരകളിലും വ്യാപിക്കയും എന്നാൽ അതിനെ പൂർണ്ണമായും ചെറുത്തു തോൽപ്പിച്ച് കോവിഡ് 19 രോഗവിമുക്തമായ ഒരു ലോകത്തിന് വേണ്ടി തുടർമാനമായി പ്രാർത്ഥിച്ച് കൊണ്ടും, സർവ്വജനതയ്ക്ക് വേണ്ടി ദീർഘായുസ് നേർന്ന് കൊണ്ടും, വാക്സിനേഷൻ കൈകൊള്ളുവാൻ വിമുഖ തയുള്ളവർക്ക് ഒരു പുനവിചിന്തനത്തിനായി സമർപ്പിക്കുന്നു.



ബൈജു യാക്കോബ്
ഇടവിള

**Disclaimer**

The views expressed in this online newspaper are those of the authors and do not necessarily reflect the position of HSM End Time News. The online newspaper will not bear any responsibility whatsoever for them. The images used in the newspaper have been downloaded from the Internet and we acknowledge that the copyright of those images remain with the original owners. HSM End Time News does not claim any copyright for them and does not intend to use them for commercial purposes.

THE END TIME NEWS
VOICE OF HARVESTING SOULS MISSION






പാസ്റ്റർ ഷിബു തോമസ്, ഒക്കലഹോമ.

# കീഴെ ശാശ്വത ഭുജങ്ങൾ ഉണ്ട്.

പുരാതനനായ ദൈവം നിന്റെ സങ്കേതം കീഴെ ശാശ്വത ഭുജങ്ങളുണ്ട്; അവൻ ശത്രുവിനെ നിന്റെ മുമ്പിൽ നിന്നും നീക്കിക്കളഞ്ഞ് സംഹരിക്ക എന്നു കൽപ്പിച്ചിരിക്കുന്നു( ആവർത്തനം33:27)

നിൽക്കുന്നയിടം താണുപോകുമോ എന്ന ഭീതി ജനിപ്പിക്കുമാറ് ജീവിതവ്യഥകൾ കുമിഞ്ഞ് കൂടുമ്പോൾ, സഹായത്തിനായി നാലുപാടും നിസ്സഹായതയോടെ നോക്കി നെടുവീർപ്പിടുമ്പോൾ, പരിചയഭാവം ഉള്ള ഒരു കരവും കാണാതെ ഹൃദയം തകരുമ്പോൾ ഇതാ ദൈവവചനം നമ്മെ ആശ്വസിപ്പിക്കുന്നു. ഭയപ്പെടേണ്ട നീ താഴുന്നയിടത്ത്, താങ്ങുവാൻ തളരുമ്പോൾ തണലായി ഒരു കരം - കീഴെ ശാശ്വതമായ, നിത്യമായ, ശക്തി ചോരാത്ത, കരുണ തീരാത്ത ഒരു കരം നിനക്കായുണ്ട്. യിസ്രായേലിന്റെ പരിപാലകൻ മയങ്ങുന്നില്ല, ഉറങ്ങുന്നില്ല, എന്ന ദൈവീക വാഗ്ദത്തം ഏതു ഘട്ടത്തിലും നമ്മെ സർവ്വശക്തനായ ദൈവത്തിലേക്കടുപ്പിക്കുന്നു. രാത്രി മുഴുവൻ സുഖമായി ഉറക്കം തന്ന് കാത്ത ദൈവം(സങ്കീ4:8) പ്രഭാതത്തിൽ പുതിയ നന്മകൾക്കായി തന്റെ കരത്താൽ താങ്ങി എഴുന്നേൽപ്പിക്കുന്നു. (സങ്കീ3:5) എല്ലാ അവസാനിച്ചു എന്നു കരുതുന്ന സ്ഥലത്തും സ്ഥാനത്തും ഒന്നും കൂടെ നോക്കുക. കീഴെ ശാശ്വത ഭുജങ്ങൾ ഉണ്ട്. നമ്മെ ഉയർത്തുവാൻ, തനിയെ നടപ്പാനും മുമ്പോട്ട് പോകുവാനും പ്രാപ്തിയില്ലാത്തവനെ താങ്ങി നടത്തുവാൻ ദരിദ്രനെ കുപ്പയിൽ നിന്ന് ഉയർത്തി ജനത്തിന്റെ പ്രഭുക്കന്മാരോടുകൂടെ ഇരുത്തുവാൻ കഴിവുള്ള കരുത്തുറ്റ കരങ്ങൾ ഉണ്ട്. അത് പുരാതനമേയുള്ളതാണ്, പ്രപഞ്ചത്തെ സൃഷ്ടിച്ച കരങ്ങൾ, ശൂന്യതയിൽ നിന്ന് സകലത്തെയും വിളിച്ചു വരുത്തിയ കരങ്ങൾ . ഭയ

> നമ്മെ ഉയർത്തുവാൻ, തനിയെ നടപ്പാനും മുമ്പോട്ട് പോകുവാനും പ്രാപ്തിയില്ലാത്തവനെ താങ്ങി നടത്തുവാൻ ദരിദ്രനെ കുപ്പയിൽ നിന്ന് ഉയർത്തി ജനത്തിന്റെ പ്രഭുക്കന്മാരോടുകൂടെ ഇരുത്തുവാൻ കഴിവുള്ള കരുത്തുറ്റ കരങ്ങൾ ഉണ്ട്.

തുടർച്ച 06പേജിൽ

# ഇസ്രായേലും ഹാമാസും:

## യഥാർത്ഥ സത്യങ്ങൾ

## വ്യക്തമായി വിവരിച്ച് ദീപിക ദിനപത്രം.



**ഇസ്രായേലും ഹാമാസും: യഥാർത്ഥ സത്യങ്ങൾ വ്യക്തമായി വിവരിച്ച് ദീപിക ദിന പത്രം.**

ഇസ്രായേലും ഹാമാസും തമ്മിൽ നടക്കുന്ന ആക്രമണങ്ങളുടെ പശ്ചാത്തലത്തിൽ ചരിത്ര സംഭവങ്ങൾ വിവരിച്ച് ദീപിക ദിനപത്രത്തിൽ വന്ന ലേഖനത്തിന്റെ പ്രസക്ത ഭാഗങ്ങൾ. നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ടിരുന്ന യഹൂദർക്ക് അവരുടെ പിതൃദേശത്ത് ജീവിക്കുവാനുള്ള അവകാശംപോലെ തന്നെ പവിത്രമാണ് പലസ്തീനികളുടെ അവകാശമെന്നും എന്നാൽ ഗാസയിലെ മുന്നൂറിലധികം സ്കൂളുകളിൽ പ്രധാന പാഠ്യവിഷയം ഇരവാദമാണെന്നും ഇസ്രായേലിലേയും യഹൂദരേയും തങ്ങളുടെ എല്ലാ പ്രശ്നങ്ങളുടേയും മൂലകാരണമായി അവതരിപ്പിക്കുക, രക്തച്ചൊരിച്ചിലിലൂടെ ഇസ്രായേലിനെ തകർക്കണമെന്നു പഠിപ്പിക്കുക തുടങ്ങിയവയിലൂടെ രക്തസാക്ഷിത്വമാണ് ഏറ്റവും അഭികാമ്യം എന്ന മനോനിലയിലേക്ക് കുട്ടികളെ എത്തിക്കുമെന്നും ലേഖനത്തിൽ പറയുന്നു.

പശ്ചിമേഷ്യയെ വീണ്ടും യുദ്ധഭീതിയിലേക്ക് നയിച്ചുകൊണ്ട് ഇസ്രായേലും പലസ്തീനിന്റെ ഭാഗമായ ഗാസാ തീരവും തമ്മിലുള്ള സംഘർഷം അനുദിനം വഷളായികൊണ്ടിരിക്കയാണ്. ഇസ്രായേലും പലസ്തീനികളും തമ്മിൽ മണ്ണിനു വേണ്ടിയുള്ള തർക്കം തുടങ്ങിയത് ഇന്നോ ഇന്നലെയോ അല്ല. ഇസ്രായേൽ ജനതയും ഫിലിസ്ത്യരും തമ്മിലുള്ള ഏറ്റുമുട്ടലുകളെക്കുറിച്ച് ബൈബിൾ പഴയ നിയമത്തിൽ തന്നെ പരാമർശങ്ങളുണ്ട്. എന്നാൽ 1948 ൽ ഇസ്രായേൽ എന്ന ആധുനിക രാഷ്ട്രത്തിന്റെ ആവിർഭാവത്തോടെ തർക്കങ്ങൾക്ക് പരിസമാപ്തിയാകും എന്നു വിചാരിച്ചവർക്ക് തെറ്റി. ഇസ്രായേലും പലസ്തീനും ഇരുപക്ഷത്തുമായി നിന്നുകൊണ്ടുള്ള രക്ത രൂഷിത സംഘട്ടനങ്ങൾ എത്രയോ നടന്നു. ഇരുവശത്തും കനത്ത ജീവഹാനിയും നാശനഷ്ങ്ങളും ഉണ്ടായി. സമാധാനത്തിനുള്ള അവസരങ്ങൾ എത്രയോ പാഴായി.

ഇസ്രായേൽ എന്ന യാഥാർത്ഥ്യത്തെ അംഗീകരിക്കാതെ നിർവാഹമില്ലെന്ന തിരിച്ചറിവ് ആദ്യമുണ്ടായത് അറബ് സഖ്യത്തിന് നേതൃത്വം കൊടുത്ത ഈജിപ്തിനാണ്. തുടർന്ന് മറ്റു പല അറബ് രാജ്യങ്ങൾക്കും ഈ തിരിച്ചറിവുണ്ടായി. ജോർദ്ദാനും, തുർക്കിയും, യു എ ഇ മൊക്കെ ഇസ്രായേലിനെ അംഗീകരിച്ചിട്ടുണ്ട്. സമ്പത്തിക, സാങ്കേതിക,കാർഷിക,ശാസ്ത്രീയ മേഖലകളിൽ ഈ രാജ്യങ്ങളെല്ലാം ഇസ്രായേലുമായി സഹകരിക്കുന്നുണ്ട്.

നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ടിരുന്ന യഹൂദർക്ക് അവരുടെ പിതൃദേശത്ത് ജീവിക്കാനുള്ള അവകാശം പോലെ തന്നെയാണ് പലസ്തീനികളുടെ അവകാശവും.ചരിത്രപരമായ കാരണങ്ങൾകൊണ്ട് ഇരു ജനതകളും തമ്മിലുണ്ടായ ശത്രുത ശാശ്വതീകരിക്കേണ്ട ആവശ്യമില്ല. ഇസ്രായേലിൽ ജീവിക്കുന്ന അറബ് വംശജർ തന്നെയാണ് ഇത്തരമൊരു സഹവർത്തിത്വം സാധ്യമാണെന്നതിന്റെ തെളിവ്.

**ഹമാസിന്റെ ഉത്ഭവം.**

ഇസ്രായേലുമായി ഒരു സന്ധിയും പാടില്ല, ആ രാജ്യത്തെയും ജനതയേയും ഭൂമുഖത്ത് നിന്നും തുടച്ചു നീക്കണം എന്നു വിശ്വസിക്കുന്നവരാണ് പലസ്തീനികളിൽ ഒരു വിഭാഗം. ഇസ്രായേലുമായി അനുരഞ്ജനം സാധ്യമല്ലെന്നു വിശ്വസിച്ച് ആ രാജ്യത്തെ തകർക്കാൻ ദൃഢനിശ്ചയം ചെയ്തവരായിരുന്നു പലസ്തീൻ ലിബറേഷൻ ഓർഗനൈസേഷന്റെ സംഘാടകരും, നേതാക്കളും. എന്നാൽ യാസർ അറഫാത്തിന്റെ യഥാർത്ഥ്യബോധത്തോടെയുള്ള സമീപനം പലസ്തീൻ പ്രശ്നത്തിന് ശാശ്വതപരിഹാരം കണ്ടെത്താൻ സഹായിക്കുമെന്ന പ്രതീക്ഷ നൽകി. ഇസ്രായേലിന് ഒരു രാഷ്ട്രമായി നിലനിൽക്കാനുള്ള അവകാശം പി എൽഒ 1988 ൽ അംഗീകരിച്ചത് വലിയൊരു കാൽവെയ്പായിരുന്നു.

എന്നാൽ തീവ്ര ഇസ്ലാമിക സ്വഭാവമുള്ള മുസ്ലീം ബ്രദർഹുഡിന്റെ കുടക്കീഴിൽ 1970 കളിൽ തന്നെ പലസ്തീനിയൻ മുസ്ലീമുകളിൽ ഒരു ചെറിയ വിഭാഗം സംഘടിച്ചു തുടങ്ങിയിരുന്നു. ഇസ്രായേലിനെതിരെ 1987 ൽ ആരംഭിച്ച ഇന്റിഫദാ അവർക്ക് പുതിയൊരു സംഘടന കെട്ടിപ്പെടുക്കുവാനുള്ള അവസരമായി. അങ്ങനെ അതേ വർഷം ഹമാസ്(തീക്ഷണത) സ്ഥാപിതമായി. ഇസ്ലാമിക പ്രതിരോധ പ്രസ്ഥാനം എന്നർത്ഥം വരുന്ന അറബി സംയുക്തത്തിന്റെ ചുരുക്കെഴുത്താണ് ഹമാസ്.

1988 ലെ നയരേഖയിൽ ഹമാസ് വ്യക്തമാക്കുന്ന ചില കാര്യങ്ങളുണ്ട്. പലസ്തീൻ ഇസ്ലാമിക മാതൃഭൂമിയാണെന്നും അമുസ്ലീമുകൾക്ക് അത് അടിയറ വെക്കാൻ പാടില്ലെന്നും ഇസ്രായേലിനെതിരെ ജിഹാദ് നടത്തി അതിനെ മോചിപ്പിക്കേണ്ടത് പലസ്തീനിലെ മുസ്ലീങ്ങളുടെ ചുമതലയാണെന്നും ഹമാസ് വിശ്വസിക്കുന്നു.പലസ്തീനിയൻ ജനതയിൽ ക്രൈസ്തവരും നാടോടികളും സമരിയാക്കാരുമൊക്കെ ഉൾപ്പെടുമെങ്കിലും അവരുടെ പ്രാതിനിധ്യം ഹമാസിൽ ഇല്ല, ഒട്ടൊക്കെ മതേതരസ്വഭാവം പുലർത്തിയിരുന്ന പിഎൽഒ യുടെ ജനപിന്തുണയും ഹമാസിനില്ല എന്നതാണ് വാസ്തവം.

ഇസ്രായേലും ഹമാസും തമ്മിൽ സംഘട്ടനങ്ങൾ ആരംഭിക്കുവാൻ അധികം വൈകിയില്ല.ഇസ്രായേൽ പൗരന്മാരെയും സൈനീകരേയും ലക്ഷ്യം വെച്ചുകൊണ്ടുള്ള ആക്രമണങ്ങൾ പതിവായതോടെ 1989 ൽ ഇസ്രായേൽ ഹമാസിന്റെ സ്ഥാപകനായ ഷൈക്ക് അഹമ്മദ് യാസീനെ അറസ്റ്റ് ചെയ്തു. അമ്മാനിൽ നിന്ന് ഹമാസിനെ 1999 ൽ പുറത്താക്കുകയും ചെയ്തു. പലസ്തീനിയർ അധിവസിക്കുന്ന വെസ്റ്റ് ബാങ്കിലും ഗാസയിലും വിധ്വംസക പ്രവർത്തനങ്ങൾ നടത്തുന്നതിന് അമ്മാൻ കേന്ദ്രമാക്കി പ്രവർത്തിക്കുന്നു എന്നതായിരുന്നു കാരണം. 2001 മുതൽ ഡമാസ്കസിലും 2012 മുതൽ ദോഹയിലുമാണ് ഹമാസിന്റെ അന്തർദേശീയ ഓഫീസ് പ്രവർത്തിച്ചത്.



പലസ്തീൻ ജനതയ്ക്ക് സ്വയംഭരണം നൽകുന്നതിന് വേണ്ടി പലസ്തീനിയൻ നാഷണൽ അതോറിറ്റി 1994 ൽ സ്ഥാപിതമായി. 2006 ലെ തിരഞ്ഞെടുപ്പിൽ ഹമാസ് വിജയിക്കുകയും ഇസ്മായിൽ ഹനിയേ പ്രധാനമന്ത്രി ആകുകയും ചെയ്തു. എന്നാൽ ഹമാസും ഫത്താ പാർട്ടിയും തമ്മിലുണ്ടായ സംഘർഷത്തിന്റെ ഫലമായി അദ്ദേഹത്തിന്റെ ഭരണകൂടം തകർന്നു. 2007 ൽ ഹമാസ് ഗാസയുടെ നിയന്ത്രണാധികാരം പിടിച്ചെടുത്തതോടെ പലസ്തീന് രണ്ടു ഭരണകൂടങ്ങളാണ് ഇപ്പോഴുള്ളത്. ഫത്താ പാർട്ടി ഭരിക്കുന്ന വെസ്റ്റ് ബാങ്കും ഹമാസിന്റെ ഭരണത്തിലുള്ള ഗാസയും.

### സംഘർഷങ്ങൾ

ഇസ്രായേലിനെ തകർക്കുക ഹമാസിന്റെ പ്രഖ്യാപിത ലക്ഷ്യമായതുകൊണ്ട് ആ ലക്ഷ്യപ്രാപ്തിക്കായി ഏതു മാർഗവും സ്വീകരിക്കുവാൻ ഹമാസ് സദാ സന്നദ്ധമാണ്. ഇസ്രായേലുമായി ഉണ്ടായിട്ടുള്ള യുദ്ധങ്ങളെല്ലാം തുടങ്ങിയത് ഇസ്രായേലിന്റെ ശത്രുക്കളാണ്. സ്വന്തം പൗരജനങ്ങളുടെ ജീവനും മുതലും ഒപ്പം രാജ്യത്തിന്റെ അതിർത്തികളും പരമാധികാരവും സംരക്ഷിക്കുക ചുമതലയായി കരുതുന്ന ഒരു രാജ്യം ചെയ്യുന്നത് മാത്രമാണ് ഇസ്രായേലും ചെയ്യുന്നത്. ഇസ്രായേലിനെ അധിനിവേശ ശക്തിയായി മാത്രം കാണുന്ന ഹമാസിന് സ്വന്തം ജനതയുടെ സുരക്ഷിതത്വവും പുരോഗതിയുമല്ല പ്രധാനം. ഇസ്രായേലിന്റെ നാശമാണ്. തീവ്രവാദത്താൽ നയിക്കപ്പെടുന്ന ഒരു പ്രസ്ഥാനം സമാധാനം കൊണ്ടുവരുമെന്ന് കരുതാൻ വയ്യ.

മെയ് 7 നാണ് ഹമാസും ഇസ്രായേലും തമ്മിലുള്ള ഇപ്പോഴത്തെ സംഘട്ടനം ആരംഭിച്ചത്. ഇസ്രായേലിലെ സൈനീകർ ജറുസലേം ഓൾഡ് സിറ്റിയിലെ ഹാറാം എഷ്ഷരീഫ് എന്നറിയപ്പെടുന്ന ടെമ്പിൾ മൗണ്ടിലെ അൽ അക്സ മോസ്കിൽ പ്രവേശിക്കുകയും അവിടെ തമ്പടിച്ചിരുന്ന ഭീകരരെ തുരത്തുകയും ചെയ്തു. അടുത്ത ദിവസം നടക്കേണ്ടിയിരുന്ന യഹൂദരുടെ വിജയദിനാഘോഷത്തിൽ കലാപമുണ്ടാക്കാൻ ശ്രമിക്കുന്നവരായിരുന്നു ഇവരെന്നാണ് ഇസ്രായേലിന്റെ ആരോപണം. 300 ലേറെ പലസ്തീനികൾക്ക് അന്നു പരിക്കേറ്റു. പ്രതികാരമായി ഗാസയിൽ നിന്ന് ഹമാസ് റോക്കറ്റുകൾ തൊടുത്തുവിടാൻ തുടങ്ങി. 2 ഇസ്രായേലികൾ മരണപ്പെടുകയും കുറേപ്പേർക്ക് പരിക്കു പറ്റുകയും ചെയ്തു. ഇസ്രായേൽ ഗാസയിൽ നടത്തിയ വ്യോമാക്രമണത്തിൽ 26 പലസ്തീനികൾ കൊല്ലപ്പെട്ടു.

എല്ലാ വർഷവും റംസാൻ മാസത്തിൽ ഹമാസും ഇസ്രായേലുമായി സംഘട്ടനങ്ങൾ പതിവാണ്. ഇക്കൊല്ലം മറ്റൊരു കാരണവുമായി. ഓൾഡ് സിറ്റിയിൽ നിന്ന് പലസ്തീനികൾ അൽ അഖ്സ മോസ്കിലേക്ക് പോകുന്ന പ്രധാന കവാടമാണ് ഡമാസ്കസ് ഗേറ്റ്. അവിടെ ആളുകൾ കൂട്ടംകൂടുന്നത് തടഞ്ഞുകൊണ്ട് ഇസ്രായേൽ ബാരിക്കേഡുകൾ സ്ഥാപിച്ചു.മാത്രമല്ല, അൽ അക്സ മോസ്കിലും പരിസരത്തുമായി പതിനായിരത്തിലേറെ പേർ പ്രാർത്ഥനയ്ക്കായി എത്തിച്ചേരാൻ പാടില്ലയെന്നും നിർദേശിച്ചു. എന്നാൽ പലസ്തീനികളുടെ പ്രതിഷേധം മൂലം ബാരിക്കേഡുകൾ



മാറ്റേണ്ടി വന്നു. പക്ഷെ മോസ്കിൽ നടത്തിയ റെയ്ഡ് പലസ്തീനികളെ പ്രകോപിപ്പിച്ചു. അവിടെനിന്നു സ്ഫോടക വസ്തുക്കളും എറിയാനുള്ള വൻകൽശേഖരവും കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.



THE END TIME NEWS
VOICE OF HARVESTING SOULS MISSION



01 -ാം പേജ് തുടർച്ച

പങ്കെടുക്കരുതെന്ന് ഇസ്ലാമിക പാർട്ടിയായ ഹമാസ് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ അങ്ങനെയുള്ള സമീപനം പാലസ്തീനിന്റെ സംസ്കാരത്തിന്റെയും, ചരിത്രത്തിന്റെയും ഭാഗമല്ല. പാലസ്തീനിന്റെ വിവിധ ഭാഗങ്ങളിലുള്ള മത വിശ്വാസികളും, അവിശ്വാസികളും എതിർപ്പ് ഉന്നയിച്ചതിനെ തുടർന്ന് ഹമാസ് തങ്ങളുടെ ഉത്തരവ് പിൻവലിച്ച കാര്യവും അദ്ദേഹം ചൂണ്ടിക്കാട്ടി. മെയ് 6 ന് പാലസ്തീനിലെയും,പശ്ചിമേഷ്യയിലെയും സ്ഥിതിഗതികളെ പറ്റി അൽ മാലിക്കി വത്തിക്കാൻ വിദേശകാര്യ മന്ത്രിയായ ആർച്ച് ബിഷപ്പ് പോൾ ഗല്ലഹറുമായി സംസാരിച്ചിരുന്നു. ജറുസലേമിൽ ക്രൈസ്തവരുടേയും, ഇസ്ലാം മത വിശ്വാസികളുടേയും ആരാധനാലയങ്ങൾ ആക്രമിക്കപ്പെടുന്നതും, വിശുദ്ധ സ്ഥലങ്ങളിലേയ്ക്ക് അവർക്ക് പ്രവേശനം നി.ഷേധിക്കപ്പെടുന്നതുമായ സാഹചര്യം നിലനിൽക്കുന്നുണ്ടെന്നും അൽ മാലിക്കി സംഭാഷണത്തിൽ സൂചിപ്പിച്ചിരുന്നു.



03 -ാം പേജ് തുടർച്ച

പ്പെടേണ്ട, ഭ്രമിച്ചുനോക്കേണ്ട ഇതവസാനമല്ല പുതിയ ആരംഭമാണ്. നിങ്ങൾ കിടക്കുന്നത് തകർച്ചയുടെ പടുകുഴിയിലല്ല ഉയർച്ചയുടെ കരങ്ങളിലാണ്. ഈ ദൈവം നമ്മുടെ സങ്കേതമാണ്. ആഴമുള്ള പൊട്ടക്കിണറ്റിൽ സഹോദരന്മാർ വലിച്ചെറിഞ്ഞാലും യോസേഫ് വീണത് കിണറിന്റെ അടിത്തട്ടിൽ ആശയറ്റ, നിരാശ്ശകൾ നിറഞ്ഞ, സ്വപ്നങ്ങൾ വിഫലമായ ഗൂഢാലോചനയുടെയും ചതിവിന്റെ ചെളിക്കുണ്ടിലല്ല, മറിച്ച് തന്റെ ഭക്തനെ ഉയർത്തി ഉന്നതനാക്കുന്ന ശാശ്വത ഭുജങ്ങളിലാണ്. ആ ദൈവം തന്റെ പദ്ധതി പ്രകാരമുള്ള സമയത്ത് ഓരോരുത്തരെയും ഉയർത്തേണ്ടതിന് ആ ബലമുള്ള കരങ്ങളിൽ താണിരിപ്പിൻ.

പ്രാർത്ഥന:

യേശുവെ എന്നെ താങ്ങും കരങ്ങളിൽ ഞാൻ ശരണം പ്രാപിക്കുന്നു. എന്റെ ജീവിതയാത്രയിൽ എനിക്ക് ഉറപ്പും ധൈര്യവും തന്ന് താങ്ങായി നിന്ന് എന്നെ ഉയർത്തുന്ന ശാശ്വത ഭുജങ്ങൾക്കായി നന്ദി.. ആമേൻ.

## ഐപിസി ഡൽഹി സ്റ്റേറ്റ് സൺഡേസ്കൂൾ ഓൺലൈൻ ക്ലാസ്സുകൾക്ക് തുടക്കമായി

ന്യൂഡൽഹി: ഐപിസി ഡൽഹി സ്റ്റേറ്റ് സൺഡേസ്കൂൾ ഓൺലൈൻ ക്ലാസ്സുകൾക്ക് തുടക്കമായി.സ്റ്റേറ്റ് പ്രസിഡന്റ് ഷാജി ഡാനിയേൽ പ്രാർത്ഥിച്ച് ഉദ്ഘാടനം ചെയ്തു.മിഷനറിമാരെ വളർത്തിയെടുക്കുന്നതിൽ സണ്ഡേസ്കൂളിന്റെ പങ്ക് വിസ്മരിക്കാനാവാത്തതാണ്. 250 ഓളം കുട്ടികൾ 1 മുതൽ 11 വരെയുള്ള ക്ലാസുകളിൽ പഠിക്കാനായി രജിസ്ടർ ചെയ്തിട്ടുണ്ട്. സൂമിൽ 1 മുതൽ 11 വരെ ഉള്ള ക്ലാസുകൾ ഇംഗ്ലീഷ്/ ഹിന്ദി മീഡിയത്തിൽ എല്ലാ ഞായറാഴ്ചയും രാവിലെ 7.30 മുതൽ 8.30 വരെയുള്ള സമയങ്ങളിൽ നടക്കുന്നതാണ്.സൺഡേസ്കൂൾ എക്സിക്യൂട്ടിവുകൾക്ക് ഒപ്പം 21 അംഗ ബോർഡ് ഇതിന് നേതൃത്വം നൽകുന്നു.ഡൽഹിക്കു പുറത്തുള്ള കുട്ടികൾക്കും ഈ ക്ലാസുകളിൽ രജിസ്റ്റർ ചെയ്യുന്നതിനായി ബന്ധപ്പെടുക:

പാസ്റ്റർ ബിനോയ് ജേക്കബ്-9958235491,
റോജി മാത്യു:9899054717.

## ന്യൂനപക്ഷ വകുപ്പ് മുഖ്യമന്ത്രി ഏറ്റെടുക്കണം

**കോഴിക്കോട്:** ക്രൈസ്തവ ന്യൂനപക്ഷം നേരിടുന്ന കടുത്ത വിവേചനങ്ങൾ അവസാനിപ്പിക്കുവാൻ ന്യൂനപക്ഷ വകുപ്പ് ഒന്നെങ്കിൽ മുഖ്യമന്ത്രി ഏറ്റെടുക്കണം, അല്ലെങ്കിൽ ക്രൈസ്തവ വിഭാഗത്തിൽ നിന്നുള്ള മന്ത്രിയെ നിയമിക്കണമെന്നുള്ള ആവശ്യം ശക്തമാകുന്നു. ഇത് സംബന്ധിച്ച് സമ്മർദ്ദം ചെലുത്തണമെന്നാവശ്യപ്പെട്ട് താമരശ്ശേരി രൂപത കെസിവൈഎം, സംസ്ഥാന സമിതിക്ക് കത്ത് കൈമാറിയിട്ടുണ്ട്. 2008 ൽ ന്യൂനപക്ഷ വകുപ്പ് നിലവിൽ വന്നത് മുതൽ വകുപ്പ് മുസ്ലീം വിഭാഗത്തിന്റെ കുത്തകയായി മാറിയിരിക്കുകയാണ്. ഇതിന്റെ പരിണിതഫലം എന്ന നിലയിൽ ന്യൂനപക്ഷ ക്ഷേമ പദ്ധതികളുടെ സിംഹഭാഗവും മുസ്ലീം വിഭാഗത്തിലേയ്ക്ക് ഒതുങ്ങിക്കൂടിയത് എല്ലാവർക്കും അറിവുള്ളതാണെന്നു കത്തിൽ പരാമർശമുണ്ട്.

80:20 എന്ന നിലയിൽ ന്യൂനപക്ഷ സ്കോളർഷിപ്പുകൾ പാർശ്വവത്ക്കരിച്ചതും ഇ ഡബ്ള്യൂ എസ് സാമ്പത്തിക സംവരണത്തെ അട്ടിമറിക്കുവാൻ ശ്രമിച്ചതും മുസ്ലീം വിഭാഗത്തിലെ വിധവകൾ,മതാധ്യാപകർ,പെൺകുട്ടികൾ തുടങ്ങിയവർക്ക് മാത്രം നൽകുന്ന ആനുകൂല്യങ്ങൾ ഒരു വിഭാഗത്തിന് തീറെഴുതി കൊടുത്തതിന്റെ ഫലമാണെന്നും രൂപത കെസിവൈഎം ജനറൽ സെക്രട്ടറി അഭിലാഷ് കടിപ്പാറ കത്തിൽ കുറിച്ചിട്ടുണ്ട്. സമാനമായ ആവശ്യവുമായി നിരവധി പേർ സോഷ്യൽ മീഡിയായിൽ കൂടി രംഗത്തു വരുന്നുണ്ടെന്നത് ശ്രദ്ധേയമാണ്.

## ക്രൈസ്റ്റ് അംബാസഡേഴ്സ് അംഗങ്ങൾ ആശുപത്രികളിൽ രക്തം ദാനം ചെയ്യും.



പുനലൂർ: ക്രൈസ്റ്റ് അംബാസഡേഴ്സിന്റെ നേതൃത്വത്തിൽ വരുന്ന ആഴ്ചകളിൽ വിവിധ ജില്ലാ ആശുപത്രികളിൽ രക്ത ദാനം നിർവഹിക്കും. വാക്സിൻ സ്വീകരിക്കുന്നവർക്ക് നിശ്ചിത കാലത്തേയ്ക്ക് രക്തം ദാനം ചെയ്യുവാൻ കഴിയില്ല. ഇത് രക്തദാതാക്കളുടെ എണ്ണം കുറയ്ക്കുമെന്ന ആശങ്ക ഉയർത്തുന്നു. ഈ സാഹചര്യത്തിൽ 18 നും 45 നും ഇടയിലുള്ള സി എ അംഗങ്ങൾ വാക്സിനേഷനു മുമ്പായി രക്തം ദാനം ചെയ്യുവാൻ ഡിസ്ട്രിക്റ്റ് സി എ കമ്മറ്റി ആഹ്വാനം ചെയ്തു.

രക്തം ദാനം ചെയ്യുവാൻ യുവജനങ്ങൾ മുന്നോട്ട് വരണമെന്ന് കേരളാ മുഖ്യമന്ത്രി ആഹ്വാനം ചെയ്തിരുന്നു. തൃശ്ശൂർ മുതൽ തിരുവനന്തപുരം വരെയുള്ള രക്തദാനം നിർവഹിക്കാൻ കഴിയുന്ന ജില്ലാ ഗവർൺമെന്റ് ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും വരും ദിവസങ്ങളിൽ സി എ അംഗങ്ങൾ രക്തം ദാനം ചെയ്യും. സി എ അംഗങ്ങൾ ഇതിനു മുമ്പും നിരവധി ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിട്ടുണ്ട്. പാസ്റ്റർ യു സാമിന്റെ നേതൃത്വത്തിലുള്ള കമ്മറ്റി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകും.




# ഉറങ്ങുന്നവനേ..... ഉണരുക



**ബിൻസി ലിവിംഗ്സ്റ്റൺ,**
**മുംബൈ**

**എഫെസ്യ സഭയ്ക്ക്സംഭവിച്ചിരിക്കുന്ന ആത്മീയ ഉറക്കത്തിൽ നിന്നും പരിശുദ്ധാത്മാവ് വിളിച്ചുണർത്തുകയാണ്. ഉണരുക. പരിസരം മറന്നുള്ള ഉറക്കത്തിലാണ് ഈ സഭ ആയിരിക്കുന്നത്. അവർ ഉറങ്ങുന്നത് പട്ടുമെത്തയിലല്ല, മറിച്ച് ശവങ്ങളുടെ ഇടയിലാണ്. ആത്മീയ അബോധാവസ്ഥയിലായപ്പോൾ തങ്ങൾ ആയിരിക്കുന്നത് എവിടെയാണെന്ന് പോലും അറിയാതെ ഉറങ്ങുകയാണ്.**

ഉറക്കം ഇഷ്ടമല്ല എന്നു പറയുന്നവർ ആരെങ്കിലും ഉണ്ടാകുമോ? അദ്ധ്വാനത്തിന് ശേഷം സുഖമായി ഒന്ന് ഉറങ്ങുവാൻ ആഗ്രഹിക്കാത്തവർ ആരുമില്ല. ഉറക്കം എന്നു പറയുമ്പോൾ ശരീരവും മനസ്സും വിശ്രമാവസ്ഥയിലേക്ക് പോവുകയും വ്യക്തി അചേഷ്ടനാവുകയും തന്റെ പരിസരങ്ങളെ മറക്കുകയും ചെയ്യുന്ന അവസ്ഥയ്ക്കാണല്ലോ ഉറക്കം എന്ന് പറയുന്നത്. ഈ ഒരു വിശ്രമം എല്ലാവരും ആഗ്രഹിക്കും. ആരോഗ്യപരമായ ജീവിതത്തിനും മതിയായ ഉറക്കം ആവശ്യമാണ്. എന്നാൽ ഇത് അമിതമായ ഉറക്കം ആയാലോ? ആരോഗ്യം അനാരോഗ്യമായി മാറും ശരീരഘടനയ്ക്കു തന്നെ മാറ്റം വരുത്തുകയും വലിയ പല പ്രശ്നങ്ങൾക്ക് കാരണമാവുകയും ചെയ്യും.

ഈ ഉറക്കം ആത്മീക ജീവിതത്തിലാണെങ്കിൽ ആത്മീയ ജീവിതം ശാരീരികമെന്നതുപോലെ തന്നെ അനാരേഗ്യകരമായിത്തീരും എന്നതിന് ഇരുപക്ഷമില്ല. അതുകൊണ്ട് ആത്മീയ ജീവിത്തിലെ ഉറക്കം ആത്മാവിനും ഭാവി ജീവിത്തിനും ഹാനികരമാണ്. ഇത് ആത്മീയ മരണം സംഭവിക്കുന്നതിനു കാരണമാകും . വചനം പറയുന്നു. ഉറങ്ങുന്നവനേ...ഉണർന്ന് മരിച്ചവരുടെ ഇടയിൽ നിന്ന് എഴുന്നേൽക്ക(എഫെ5:14)

എഫെസ്യ സഭയ്ക്ക്സംഭവിച്ചിരിക്കുന്ന ആത്മീയ ഉറക്കത്തിൽ  നിന്നും പരിശുദ്ധാത്മാവ് വിളിച്ചുണർത്തുകയാണ്. ഉണരുക. പരിസരം മറന്നുള്ള ഉറക്കത്തിലാണ് ഈ സഭ ആയിരിക്കുന്നത്. അവർ ഉറങ്ങുന്നത് പട്ടുമെത്തയിലല്ല, മറിച്ച് ശവങ്ങളുടെ ഇടയിലാണ്. ആത്മീയ അബോധാവസ്ഥയിലായപ്പോൾ

**08 –ാം പേജ് തുടർച്ച**

തങ്ങൾ ആയിരിക്കുന്നത് എവിടെയാണെന്ന് പോലും അറിയാതെ ഉറങ്ങുകയാണ്. ക്രിസ്തുവിന്റെ പ്രകാശം വഹിക്കേണ്ടവർ ആയിരിക്കുന്ന അവസ്ഥ കണ്ട് പരിശുദ്ധാത്മാവ് അപ്പോസ്തലനായ പൗലോസിലൂടെ ആഹ്വാനം നൽകുകയാണിവിടെ.

യേശുക്രിസ്തുവിൻരെ രക്തത്താൽ വീണ്ടെടുപ്പു പ്രാപിച്ചവർ ആയിരിക്കുന്നത് എവിടെ എന്ന് പരിശുദ്ധാത്മാവ് വീക്ഷിക്കുന്നുണ്ട്. എവിടെ ആണ് ഉറങ്ങുന്നത് എന്ന സത്യാവസ്ഥ മനസ്സിലാക്കി ഉണരുകയാണ് അത്യുത്തമം. കാരണം ആത്മീയ അബോധാവസ്ഥയല്ല ക്രിസ്തുവിന്റെ ലക്ഷ്യം. പരിശുദ്ധാത്മാവ് വിളിച്ച് ഉണർത്തുന്നതിന് കാരണമുണ്ട്.
അതിൽ തന്നെ തുടർന്നാൽ
1. മരണം സംഭവിക്കും.
2. നിത്യത എന്ന ദൈവീക ലക്ഷ്യം നിറവേറുകയില്ല.

അതുകൊണ്ട് ഉണരുന്നതിനായി തിരുവചനം അനേക ആഹ്വാനങ്ങൾ നൽകുന്നുണ്ട്.
1. അബോധാവസ്ഥയിൽ നിന്ന് ഉണരുക. (എഫെ 5:14)
2. അലസതയിൽ നിന്ന് ഉണരുക(മത്താ26:40)
3. യജമാനൻ വരുന്നതുകൊണ്ട് ഉണരുക( ലൂക്കോ12:39)
4. ദുരുപദേശങ്ങൾക്കെതിരായി ഉണരുക( അപ്പോ20:31)
5. ബലം ധരിപ്പാനായി ഉണരുക(യെശ52:1)

ആത്മീയ മയകത്തിൽ നിന്നും ഉണരുന്നില്ലെങ്കിൽശത്രു പരാജയപ്പെടുത്തുവാനിടയാകും. ചൈനയിലെ മൻമതിലിനെപ്പറ്റി കേട്ടിട്ടുണ്ടാവുമല്ലോ. ഒരിക്കലും ആർക്കും തകർക്കുവാൻ കഴിയാതെ പണിതുയർത്തിയ ലോകത്തിലെ മഹാത്ഭുതങ്ങളിലൊന്നായ ഈ വൻമതിൽ പണികഴിപ്പിച്ചപ്പോൾ അതിന്റെ ലക്ഷ്യം ഒരിക്കലും ഒരു ശത്രുവും അകത്തേയ്ക്കു നുഴഞ്ഞ് കയറരുത് എന്നായിരുന്നു. ചില നാളുകൾ കഴിഞ്ഞു പ്രൗഢഗംഭീരവും അതിമനോഹരവും അതിശക്തവുമായ വൻമതിൽ കടന്ന് ശത്ര അകത്തേയ്ക്ക് കയറി. ഒരു ചെറിയ പഴുതായിരുന്നു അഥവാ അലക്ഷ്യമായിരുന്നു ശത്രു അകത്തേയ്ക്ക് കയറുവാൻ ഇടയായത്. ഇതുപോലെ തന്നെ ഒരു ദൈവ പൈതലിന്റെ ചെറിയ മയക്കം എന്ന പഴുത് വലിയ വീഴ്ചയ്ക്ക് കാരണമായിത്തീരുകയാണ്. അതുകൊണ്ട് പരിശുദ്ധാത്മാവ് നമ്മോടും ആലോചന പറയുകയാണ് ഉണരുക....

എഫെസ്യ സഭയുടെ ഉറക്കം പോലെ തന്നെ വെളിപ്പാട് പുസ്തകത്തിൽ സർദ്ദീസ് സഭയുടെ ഉറക്കത്തെക്കുറിച്ചും പറഞ്ഞിട്ടുണ്ട്.




(വെളിപ്പാട്3:2) സർദ്ദീസ് പട്ടണത്തിനു ചുറ്റും കോരശിന്റെ പട്ടാളം താവളമടിച്ചതറിഞ്ഞിട്ടും സർദ്ദീസുകാർ ഉണർന്നിരുന്ന് പട്ടണം കാക്കുവാൻ തയ്യാറാവാത്തത് അഥവാ അലസമായി ഉറങ്ങിയത് ശത്രുക്കളെ അകത്തേയ്ക്ക് വിളിച്ചു വരുത്തുന്നതിന് തുല്യമായിരുന്നു. അവിടെയും പരിശുദ്ധാത്മാവ് ഒരു ഉണർവ്വിനു വേണ്ടി ആഹ്വാനം ചെയ്യുന്നുണ്ട്. യേശുക്രിസ്തു തന്റെ ശിഷ്യന്മാരോടും ഉണരുവാൻ ആഹ്വാനം ചെയ്തു. (മത്താ24:42,44, മർക്കോസ്13:35). ഇവിടെയൊക്കെ ഉദ്ദശിക്കുന്നത് ഉണരുവാൻ കഴിഞ്ഞില്ലായെങ്കിൽ മഹത്വകരമായ ഭാവി നഷ്ടപ്പെടും എന്നതത്രേ. ശാരീരിക ഉറക്കം സർദ്ദീസിന്റെ നാശത്തിനു കാരണമായതുപോലെ ആത്മീയ ഉറക്കം നിത്യത നഷ്ടപ്പെടുന്നതിനു കാരണമായിത്തീരും എന്ന് അറിഞ്ഞ് ഉണരുക.

ആത്മീയ ഗോളത്തിനു സംഭവിച്ചിരിക്കുന്ന ആത്മീക മരണം ശത്രുവിന്റെ വെല്ലുവിളിക്കു കാരണമായിരിക്കുകയാണ് അതുകൊണ്ട് ഒരു ക്രിസ്ത്യാനി മനസ്സിലാക്കിയിരിക്കേണ്ട രഹസ്യം ശത്രു എപ്പോഴും ഉണർന്നിരിക്കുകയാണ് നാം ഉറങ്ങാൻ പാടില്ല. വിശ്രമമില്ലാത്ത ശത്രുവിന്റെ പ്രയത്നത്തിങ്കൽ നാം ജാഗ്രതയുള്ളവരായിരിക്കണം. പുതിയ നിയമത്തിലും ഏറ്റവും പ്രാധാന്യം നൽകിയിരിക്കുന്നതും ഉണർന്നിരിക്കുക എന്ന വിഷയത്തിലാണ്.

ക്രിസ്ത്യാനിയുടെ അത്യന്തിക ലക്ഷ്യം ക്രിസ്തുവിന്റെ വരവാണ് എന്നറിഞ്ഞ് ഉണരേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി ജാഗരൂകരായിരിക്കേണ്ടതാണ്. മരണം സംഭവിക്കാതെ ആത്മീയ മയക്കത്തിൽ നിന്നും അബോധാവസ്ഥയിൽ നിന്നും ഉണർന്ന് നിത്യത എന്ന ദൈവീക ഉദ്ദേശം സാധൂകരിക്കുവാൻ ദൈവഹിതമറിഞ്ഞ് വചനത്തിൽ ഉറ്റിരുന്ന് പ്രാർത്ഥനയോടെ ആയിരിക്കാം. ദൈവം സഹായിക്കുമാറാകട്ടെ.






https://youtu.be/jeiZJ4gV9Bg

## പ്രാർത്ഥന സഫലം: ഹെയ്തിയിൽ ആക്രമികൾ തടിടിക്കൊണ്ടു പോയ വൈദീകരും സന്യാസിനിമാരും മോചിതരായി.



ഹെയ്തി: ഹെയ്തിയിലെ പോർട്ട് ഓ പ്രിൻസിൽ നിന്നും മൂന്നാഴ്ചകൾക്കു മുമ്പ് തട്ടി കൊണ്ടു പോയ കത്തോലിക്ക വൈദീകരേയും സന്യാസിനിമാരേയും ആക്രമികൾ വിട്ടയച്ചു.ബന്ദികളായവർക്ക് ആർക്കും പരിക്ക് പറ്റിയിട്ടില്ലെന്നും തട്ടി കൊണ്ടുപോയവർക്ക് മോചനദ്രവ്യം നൽകിയിട്ടുണ്ടോ എന്നതിനെ കുറിച്ച് വിവരങ്ങൾ പുറത്തു വന്നിട്ടില്ല. എങ്കിലും തങ്ങളുടെ സഹപ്രവർത്തകർ ആരോഗ്യത്തോടെ തിരികെ എത്തിയതിൽ സന്തോഷമുണ്ടെന്ന് സൊസൈറ്റി ഓഫ് പ്രീസ്റ്റ്സ് ഓഫ് സെന്റ് ജാക്ക്സ് പ്രസ്താവനയിൽ പറഞ്ഞു.ഏപ്രിൽ 11 നാണ് 10 പേരുടെ സംഘത്തെ തട്ടികൊണ്ടുപോയത്. ഇതിനു പിന്നിൽ 400 മാവോസോ ഗ്രൂപ്പുകളിലെ അംഗങ്ങളാണെന്നു സൂചനകളുണ്ടായിരുന്നു. മോചനദ്രവ്യം ലഭിക്കുന്നതിനായി തട്ടികൊണ്ടു പോകുന്നത് ഒരു പതിവായി മാറിയ ഹെയ്തിയിൽ വലിയ ജനരോഷമാണ് ഈ സംഭവം ഉണ്ടാക്കിയത്. ഹെയ്തിയൻ സർക്കാറിന്റെ നിഷ്ക്രിയത്വത്തെ പരസ്യമായി വിമർശിച്ചു കത്തോലിക്കാ സഭാനേതൃത്വം ശക്തമായി മുന്നോട്ട് വന്നിരുന്നു.

## സുപ്രീംകോടതി നിലപാടിനെ കേരളാ കൗൺസിൽ ഓഫ് ചർച്ചസ് സ്വാഗതം ചെയ്തു

തിരുവല്ല: ഭരണഘടന ഉറപ്പുനൽകുന്ന മതസ്വാതന്ത്ര്യം ഉയർത്തിപ്പിടിക്കുന്ന ബഹു: സുപ്രീംകോടതി നിലപാടിനെ കേരളാ കൗൺസിൽ ഓഫ് ചർച്ചസ് സ്വാഗതം ചെയ്തു. പ്രായപൂർത്തിയായ ഏതൊരു വ്യക്തിക്കും തനിക്ക് താല്പര്യമുള്ള മതത്തിൽ വിശ്വാസിക്കുന്നതിനും അതിൻപ്രകാരം ജീവിക്കുന്നതിനും അത് പ്രചരിപ്പിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം സംരക്ഷിക്കുന്ന കോടതി വിധി സമകാലിക ഭാരത സമൂഹത്തിന് പ്രതീക്ഷ നൽകുന്നതായി കെ.സി.സി പ്രസിഡന്റ് ബിഷപ്പ് ഡോ.ഉമ്മൻ ജോർജ്, ജനറൽ സെക്രട്ടറി അഡ്വ. പ്രകാശ് പി തോമസ് എന്നിവർ ഒപ്പുവെച്ച കത്തിൽ അറിയിച്ചു.

ഭരണഘടനയുടെ 25 ആം അനുഛേദം സംരക്ഷിക്കപ്പെടേണ്ടത് ഇന്ത്യൻ മതേതരത്വത്തിന്റെ നിലനിൽപ്പിന് അത്യാവശ്യമാണെന്നും സ്വതന്ത്ര നീതിന്യായ വ്യവസ്ഥയുടെ നിലനിൽപ്പിനായി കെ.സി.സി അംഗസഭകളിലെ എല്ലാ ഇടവകകളിലും പ്രത്യേകം പ്രാർത്ഥിക്കണമെന്നും, സ്വതന്ത്ര പരമാധികാര ജനാധിപത്യ മതേതര രാഷ്ട്രമായി ഭാരതം തുടർന്നും നിലനിൽക്കേണ്ടതിന് ഏവരും പ്രാർത്ഥിക്കയും, പ്രവർത്തിക്കയും ചെയ്യണമെന്ന് കത്തിലൂടെ അഭ്യർത്ഥിച്ചു.

THE ENDTIME NEWS









# സദ്വർത്തമാനം ലോകത്തെ അറിയിക്കുക

**നാം വസിക്കുന്ന ഭവനത്തിന്റെ സമീപം വൈദ്യുതി കമ്പി പൊട്ടിക്കിടന്നാൽ ഉത്തവാദിത്വപ്പെട്ടവരെ അറിയിച്ചിരിക്കണം. ഇല്ലായെങ്കിൽ ആരെങ്കിലും അതിൽ തൊട്ട് മരിച്ചാൽ നമ്മൾക്ക് നേരെ കുറ്റം വരും. താമസ്സിക്കുന്തോറും അനേകർ കൊല്ലപ്പെടുവാൻ സാധ്യതയുണ്ട്.**

യേശുക്രിസ്തുവിന്റെ അന്ത്യകൽപ്പനയാണ് സുവിശേഷം അറിയിക്കുക എന്നുള്ളത്. ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോട് കൽപ്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ട് സകല ജാതികളെയും ശിഷ്യരാക്കിക്കൊള്ളുവിൻ(മത്താ28:19,20)എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരുശലേമിലും യെഹൂദ്യയിൽ എല്ലാടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്ന് പറഞ്ഞു.(അപ്പോ:1:8) നമ്മുടെ ഗുരുവും നാഥനുമായ കർത്താവിന്റെ അന്ത്യകൽപ്പന ലോകം എങ്ങും അറിയിക്കുവാൻ നാം കടപ്പെട്ടവരാണ്. ദൈവം അന്ത്യമായി കൽപ്പിച്ച ഈ വിലയേറിയ ദൗത്യം നമ്മോടുള്ള വ്യക്തിപരമായ കൽപ്പനയാണ്. അത് നാം ഏറ്റെടുത്തേ മതിയാകൂ. ക്രിസ്തുവിന് പകരം സ്ഥാനാപതികളായി നമ്മെ ഈ തലമുറയിൽ ദൈവം ആക്കി വച്ചിരിക്കുന്നു. ദൂതന്മാർക്ക് പോലും കൊടുക്കാത്ത ഈ ഭാഗ്യ പദവി ദൈവം നമുക്കു നൽകിയിരിക്കുന്നു.

നാം വസിക്കുന്ന ഭവനത്തിന്റെ സമീപം വൈദ്യുതി കമ്പി പൊട്ടിക്കിടന്നാൽ ഉത്തവാദിത്വപ്പെട്ടവരെ അറിയിച്ചിരിക്കണം. ഇല്ലായെങ്കിൽ ആരെങ്കിലും അതിൽ തൊട്ട് മരിച്ചാൽ നമ്മൾക്ക് നേരെ കുറ്റം വരും. താമസ്സിക്കുന്തോറും അനേകർ കൊല്ലപ്പെടുവാൻ സാധ്യതയുണ്ട്. നമ്മൾക്ക് ചുറ്റും ആയിരങ്ങൾ ആത്മഹത്യയിലേക്കും നരകത്തീയിലേക്കും ഒഴുകുമ്പോൾ സാക്ഷാൽ ജീവനായവനെ കാണിച്ച് കൊടുത്ത് നിത്യമരണത്തിൽ നിന്നും ജീവിതങ്ങളെ രക്ഷിക്കുവാനുള്ള ഉത്തരവാദിത്വം നമ്മൾക്കാണ്. അല്ലെങ്കിൽ സ്വർഗ്ഗീയ കോടതി കൃത്യവിലോപത്തിന് നമ്മെ അറസ്റ്റ് ചെയ്തിരിക്കും.

ഭാരതം കൊയ്ത്തിനായി വിളഞ്ഞിരിക്കുന്നു. ഫലം പഴുത്ത് അടർന്നു വിഴുന്നതിന് മുമ്പേ അത് കൊയ്ത്ത് എടുക്കേണ്ടതാണ്. അല്ലെങ്കിൽ എല്ലേക്കും നഷ്ടപ്പെടുവാൻ ഇടയായിത്തീരും. കൊയ്ത്തിന്റെ വലിയ യജമാനൻ വലിയ ഫലശേഖരത്തിനായി നമ്മെ പതിനൊന്നാം മണിക്കും വിളിച്ച് ആക്കിയിരിക്കുകയാണ്. ആ ഗൗരവമേറിയ ഉത്തരവാദിത്വം നാം മറന്ന് പ്രവർത്തിച്ചുകൂടാ. ഇന്ത്യയിലെ തൊണ്ണൂറ്റി ഏഴ് ശതമാനത്തിലധികം ജനങ്ങളും സമാധാനത്തിനായി കേഴുകയാണ്. അംബരചുംബികളായ ആരാധനാലയത്തിലൂടെയും മൂർത്തീപൂജയിലൂടെയും നേർക്കാഴ്ചാ ശക്തിയിലൂടെയും അവർ ഈശ്വരസാന്നിധ്യം അറിയുവാൻ ശ്രമിക്കുമ്പോൾ യഥാർത്ഥ സമാധാനം, നിത്യശാന്തി, പാപക്ഷമ ഇവ യേശുക്രിസ്തുവിൽ കൂടി മാത്രം എന്ന് ഉറക്കെപ്പറയുവാൻ നമ്മെ ദൈവം ആക്കിവച്ചിരിക്കുന്നു എന്ന് അറിഞ്ഞിരിക്കേണം.

ഒരുവൻ സത്യവചനം കേട്ടിട്ട്, താൻ സാക്ഷിയായി കാണുകയോ അറിയുകയോ ചെയ്തത് അറിയിക്കാതെ അങ്ങനെ പാപം ചെയ്താൽ അവൻ തന്റെ കുറ്റം വഹിക്കണം(

11 –ാം പേജ് തുടർച്ച

തുടർച്ച 10 പേജിൽ




ലേവ്യ5:1) ലേവ്യപുസ്തകത്തിൽ മോശയിൽ കൂടി ദൈവം യിസ്രായേൽ മക്കൾക്ക് കൊടുക്കുന്ന പ്രമാണങ്ങളിൽ വളരെ ഗൗരവമുള്ള ആജ്ഞയാണ് ഇത്. താൻ കാണുകയും അറിയുകയും ചെയ്തത് അറിയിക്കാതിരിക്കുന്നത് വളരെ ഗൗരവമേറിയ കൃത്യവിലോപമാണ്. അപ്പോസ്തലന്മാർ പറയുന്നു ഞങ്ങൾ അവന്റെ മഹിമ കണ്ട സാക്ഷികൾ, ഞങ്ങൾ കണ്ണാൽ കണ്ടതും നേരിട്ട് കേട്ടതും പ്രസ്താവിക്കാതിരിപ്പാൻ കഴിയുന്നതല്ല. നേരിട്ട് കാണുകയും കേൾക്കുകയും ചെയ്ത കാര്യം പറയാതെ മൗനമായിരുന്നാൽ ലോക കോടതിയിൽ നാം പ്രതിഭാഗം ചേരുകയാണ്. അഥവാ അധർമ്മത്തിന് കുട്ട് നിൽക്കുകയാണ്. നാം അറിഞ്ഞ സുവിശേഷ സത്യം പറയാതെ മൗനമായിരുന്നാൽ സാത്താന്റെ ചേരിയിലേക്ക് നീങ്ങി ക്രിസ്തുവിനെ ക്രൂശിച്ചതിനു സമാനമായി മാറുകയാണ്. അറിഞ്ഞ സത്യം മറ്റുള്ളവരോട് പറയാതെ ഇരുന്നാൽ അവൻ പാപം ചെയ്യുകയാണെന്നും അവനുവേണ്ടി അകൃത്യയാഗം കഴിക്കുകയും വേണം എന്ന് പഴയനിയമത്തിൽ കർശനമുണ്ടെങ്കിൽ പുതിയനിയമത്തിൽ എത്ര അധികം നാം അറിഞ്ഞു , നാം രക്ഷപെട്ടു എന്ന് കരുതിസമാധാനത്തോടെ വസിക്കുകയാണ് നമ്മൾ. എന്നാൽ ഈ സത്യം നാം പറഞ്ഞേമതിയാകുകയുള്ളൂ. കാരണം നിർബന്ധം എന്റെ മേൽ കിടക്കുന്നു.

ശമര്യയിൽ ക്ഷാമം കൊടുമ്പിരി കൊണ്ടിരിക്കുമ്പോൾ ഇരുപത്തിനാലുമണിക്കൂറിനകം ക്ഷാമം തീരും എന്നും കോതമ്പും യവവും എല്ലാം ന്യായവിലയ്ക്ക് വിൽക്കപ്പെടും എന്ന് ഏലീശാ പ്രവചിച്ചു. രഥങ്ങളും കുതിരകളും അടങ്ങിയ മഹാസൈന്യത്തിന്റെ വലിയ ശബ്ദം അരാംസൈന്യം കേട്ടതിനാൽപ്രാണരക്ഷാർത്ഥം അവർ പലായനം ചെയ്തു. വിശപ്പുകൊണ്ട് മരിക്കാറായ കുഷ്ഠരോഗികൾ പാളയത്തിൽ ഒരു ഭാഗ്യപരീക്ഷണം എന്ന നിലയിൽ കടന്ന് അത്ഭുതകരമായി അവർ ഭക്ഷിക്കുകയും വിലയേറിയ സാധനങ്ങൾ കൈക്കലാക്കുകയും ചെയ്തു.

പിന്നെ അവർ തമ്മിൽ തമ്മിൽ നാം ചെയ്യുന്നത് ശരിയല്ല, ഇന്ന് സദ്വർത്തമാനദിവസമല്ലോ, നാമോ മിണ്ടാതിരിക്കുന്നു, നേരം പുലരും വരെ നാം താമസിച്ചാൽ നമ്മൾക്ക് കുറ്റം വരും, ആകയാൽ നാം ചെന്ന് രാജധാനിയിൽ അറിവ് കൊടുക്കുക എന്നു പറഞ്ഞു(2 രാജ7:9) അവർപറഞ്ഞതിനാൽ ജനങ്ങളുടെ നാളുകളായുള്ള വിശപ്പിനും ദാഹത്തിനും ശമനം വന്നു. കുഷ്ഠരോഗികൾ ആയിട്ടു പോലും അവർ അറിഞ്ഞ സത്യം അറിയിക്കേണ്ട സ്ഥാനത്ത് അറിയിക്കുവാൻ മടികാണിച്ചില്ല.. ഞങ്ങൾ മാത്രം രക്ഷപെട്ടു എന്ന് അവർ കരുതിയില്ല. ക്രിസ്തുവിലുള്ള സൗജന്യമായ രക്ഷയെക്കുറിച്ചുള്ള സദ്വർത്തമാനം ലോകത്തെ അറിയിക്കേണ്ട ചുമതല ഓരോ വിശ്വാസിയെയും ദൈവം ചുമതലപ്പെടുത്തിയിരിക്കുന്നു. രാത്രി കഴിവാറായി, പകൽ ഏറ്റവും അടുത്തിരിക്കുന്നു. താമസിപ്പാൻ നമ്മൾക്ക് കഴിയുകയില്ല, കുറ്റം നമ്മുടെ മേൽവരും ഇപ്പോഴാകുന്നു സുപ്രസാദകാലം ഇപ്പോവാകുന്നു രക്ഷാദിവസം.



# കുപ്രസിദ്ധ മതനിന്ദാ നിയമം ലോകമെങ്ങും നടപ്പിലാക്കണമെന്ന ആഗ്രഹം പ്രകടമാക്കി പാക്ക് പ്രധാനമന്ത്രി ഇമ്രാൻഖാൻ



ഇസ്ലാമാബാദ്: രാജ്യത്തെ ക്രൈസ്തവർ അടക്കമുള്ള ന്യൂനപക്ഷങ്ങളെ ക്രൂരമായി വേട്ടയാടുന്ന കുപ്രസിദ്ധ മതനിന്ദാ നിയമം ലോകമെങ്ങും നടപ്പിലാക്കണമെന്ന ആഗ്രഹം പാക്ക് പ്രധാനമന്ത്രി ഇമ്രാൻഖാൻ പ്രകടിപ്പിച്ചതായി റിപ്പോർട്ട്. മതനിന്ദയുടെ കാര്യത്തിൽ മുസ്ലീം രാഷ്ട്രങ്ങൾ ഒരുമിക്കണമെന്നും മതനിന്ദ നടക്കുന്ന രാഷ്ട്രങ്ങളുമായുള്ള വ്യാപാരബന്ധങ്ങൾ ഉപേക്ഷിക്കൽ പോലെയുള്ള സംയുക്ത നടപടികൾ സ്വീകരിക്കണമെന്നുമാണ് തന്റെ ആഗ്രഹമെന്ന് ഇമ്രാൻഖാൻ പറഞ്ഞതായി ദി സ്പെക്ടേറ്റർ ന്റെ റിപ്പോർട്ടിൽ പറയുന്നു. ഇസ്ലാമിക തീവ്രവാദി ആക്രമണങ്ങളുടെ പശ്ചാത്തലത്തിൽ ഫ്രാൻസിൽ പ്രവാചക വിമർശന കാർട്ടൂണുകൾ വ്യാപകമായി പ്രചരിക്കപ്പെട്ടിരുന്നു.

ഇതേ തുടർന്ന് ഫ്രഞ്ച് അംബാസഡറെ പുറത്താക്കണമെന്ന് ആവശ്യപ്പെടുന്ന ഒരു പ്രമേയം പാക്ക് പാർലമെന്റിൽ അവതരിപ്പിച്ചതിൽ നിന്നും ഇമ്രാൻഖാൻ ഈ ആഗ്രഹം വ്യക്തമാക്കിയതെന്ന് പറയുന്നു. ഫ്രാൻസുമായുള്ള വ്യാപാരബന്ധം ഉപേക്ഷിച്ചാൽ ഉണ്ടാകാവുന്ന സാമ്പത്തിക പ്രശ്നങ്ങളെക്കുറിച്ച് ഓർമ്മിപ്പിച്ച ഇമ്രാൻഖാൻ പ്രതിഷേധക്കാരുടെ അതേ ആഗ്രഹം തന്നെയാണ് തനിക്കുള്ളതെന്ന് വ്യക്തമാക്കി. എന്നാൽ വ്യാപാരബന്ധം ഉപേക്ഷിക്കുന്നത് വഴി കോടിക്കണക്കിന് മൂല്യമുള്ള ഫ്ഞ്ച് സഹായവും കോടികൾ വരുന്ന യൂറോപ്യൻ യൂണിയന്റെ വ്യാപാരവും സഹായവും നഷ്ടപ്പെടുത്തുവാൻ താൻ ആഗ്രഹിക്കുന്നില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്.

തീവ്ര ഇസ്ലാമിക നിലപാടുള്ള തെഹ്രീക് ഇ ലബ്ബായിക് പാർട്ടി നേതാവ് സാദ് ഹുസൈൻ റിസ്വിയുടെ അറസ്റ്റിനെ തുടർന്ന് നിയമം കയ്യിലെടുത്തതിന്റെയും പൊതുഗതാഗതം തടസ്സപ്പെടുത്തിയതിന്റെയും പേരിൽ ആയിരക്കണക്കിന് ടി എൽ പി പ്രവർത്തകർ അറസ്റ്റിലാവുകയും ചെയ്ത മൂന്നു ദിവസം നീണ്ട ആക്രമസക്തമായ പ്രതിഷേധങ്ങൾക്ക് ശേഷമാണ് ഇമ്രാൻഖാന്റെ ഈ നിലപാട് മാറ്റമെന്നത് ശ്രദ്ധേയമാണ്.

കഴിഞ്ഞ സെപ്റ്റംബറിൽ ഫ്രഞ്ച് മാഗസീനായ ചാർളി ഹെബ്ദോ പ്രവാചക കാർട്ടൂൺ പ്രസിദ്ധീകരിച്ചതിന്റെ പേരിൽ പാക്കിസ്താനിലെ ഫ്ഞ്ച് അംബാസിഡറെ പുറത്താക്കണമെന്നും ഫ്രഞ്ച് സാധനങ്ങൾ ബഹിഷ്ക്കരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ടി എൽ പി നടത്തിയ പ്രതിഷേധത്തിനിടയിൽ 6 പോലീസുകാർ കൊല്ലപ്പെടുകയും 800 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. മതനിന്ദ മരണശിക്ഷ വരെ ലഭിക്കാവുന്ന കുറ്റമാക്കപ്പെട്ട 12 രാഷ്ട്രങ്ങളിൽ ഒന്നാണ് പാക്കിസ്താൻ. മതനിന്ദ നിയമത്തിന്റെ പേരിൽ വധശിക്ഷ കാത്ത് ക്രൈസ്തവർ ഉൾപ്പെടെ നൂറുകണക്കിന് ആളുകളാണ് പാക്ക് ജയിലുകളിൽ നരകിച്ചു കഴിയുന്നത്.

THE ENDTIME NEWS

## ഇസ്രായേലിൽ തീർത്ഥാടന കേന്ദ്രത്തിലുണ്ടായ തിക്കിലും തിരക്കിലും 44 പേർ മരണപ്പെട്ടു

മെറോൺ: വടക്കൻ ഇസ്രായേലിൽ ജൂത തീർത്ഥാടന കേന്ദ്രത്തിലുണ്ടായ തിക്കിലും തിരക്കിലും 44 പേർ മരിച്ചു. നിരവധി പേർക്ക് പരിക്കേൽക്കുകയും ചെയ്തു. രണ്ടാം നൂറ്റാണ്ടിലെ യഹൂദരുടെ ആത്മീയ ആചാര്യനായിരുന്ന റബ്ബി ഷിമൺ ബാർ യോച്ചായിയുടെ ശവകുടീരത്തിന് ചുറ്റും പതിനായിരക്കണക്കിന് തീവ്ര ഓർത്തഡോക്സ് ജൂതന്മാർ തടിച്ചുകൂടിയപ്പോഴാണ് അപകടം നടന്നത്.

കോവിഡ് നിയന്ത്രണങ്ങളെ തുടർന്ന് കഴിഞ്ഞ വർഷം ഈ തീർത്ഥാടന കേന്ദ്രം അടച്ചിരുന്നു. കോവിഡ്നു ശേഷമുള്ള ഇസ്രായേലിലെ ഏറ്റവും വലിയ പൊതുയോഗമായിരുന്നു ഇത്തവണ നടന്നത്. ആഘോഷങ്ങൾക്കായി ഒരു ലക്ഷംപേർ പങ്കെടുത്തതായി കണക്കാക്കപ്പെടുന്നു.






24/7 Christian
Radio Network
NOW AVAILABLE IN

**English Malayalam & Hindi**

END TIME RADIO



- Christian songs unlimited
- Christian short messages
- Motivational sermons
- Uplifting talks & so on...

**IT'S ABSOLUTELY FREE!!**

*Stream inside outside or anywhere you go!*

Computer | Smart phone | Tablet | Wireless speaker | Smart TV | Car-media player

*and more..*

Download now

GET IT ON Google Play | Download on the App Store

visit us: theendtimeradio.com

endtimeradio24x7

the END TIME NEWS
VOICE OF HARVESTING SOULS MISSION

USA
PO.box 125
Wheat land,6920.5.m manin st
Wheat land Oklahoma
box zip code-73097
PH-(405) 745-786(H)
Mob-001(405)778-4341(Wats App)

Reg no : TVM/TC/1717/2014
Established :USA
Published from : India, Kerala, TVM



US GLASSTECH
the fab master

US GLASSTECH

We are Architectural Aluminum systems and Glazers Company run by Experienced and Qualified Engineers, Technicians and installers. We make high performing entrances, storefronts,windows, structural glazing, Curtain walls, etc.Committed in creating next-generation technologies; we strive to ensure safety and comfort of buildings. Every project comes with warranty and quick turnaround. We give infinite possibilities and innovative design solutions to your ideas or dreams. Explore our dynamic array of innovative solutions for renovation and new construction. Together we build your dreams with our experience and dedication.

OUR OTHER ALUMINIUM PRODUCTS

- Manual ICU sliding Doors.
- Manual Pivot or Hinged Doors.
- Automatic folding Doors.
- Five door systems.
- Manual Swing and slide Doors.
- Aluminium, FRP and Fiberglass Enty Doors.
- Store front systems.
- Shower doors.
- Patio sliding doors.
- Frameless glass enterace Doors.
- Window Wall.

405 778 4341
405 590 6116
usglasstech@gmail.com
www.usglasstech.com

Innovative Products
520 Beacon Pl,
Oklahoma City,OK 73127
(Off) 405 440-0010
(Fax) 405 440 0015